| 23–03–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ – ബാബയും ദാദയും രണ്ട് പേരും നിരഹങ്കാരികളാണ്, നിഷ്കാമ സേവനം ചെയ്യുന്നു, തനിക്ക് വേണ്ടി യാതൊരു ലോഭവും ഇല്ല – അതുപോലെ നിങ്ങൾ കുട്ടികളും ബാബയ്ക്ക് സമാനമാകൂ.**

**ചോദ്യം:–** ഏഴകളുടെ നാഥനായ ബാബ ഏഴകളായ കുട്ടികളുടെ ഭാഗ്യം എന്തിന്റെ ആധാരത്തിലാണ് ഉയർന്നതാക്കുന്നത്?

**ഉത്തരം:–** ബാബ പറയുന്നു – കുട്ടികളേ, വീട്ടിലിരിക്കെ സർവ്വതും സംരക്ഷിച്ച് കൊണ്ടും സദാ ബുദ്ധികൊണ്ട് എല്ലാം ബാബയുടേതാണെന്ന് മനസ്സിലാക്കണം. ട്രസ്റ്റിയായിരിക്കൂ അപ്പോൾ ഉയർന്ന ഭാഗ്യം ഉണ്ടാകും. ഇതിൽ വളരെയധികം സത്യത വേണം. പൂർണ്ണമായും നിശ്ചയമുണ്ടെങ്കിൽ യജ്ഞത്തിൽ നിന്നും പാലിക്കപ്പെട്ടുകൊണ്ടിരിക്കും. വീട്ടിൽ ട്രസ്റ്റിയായിരുന്ന് ശിവബാബയുടെ ഭണ്ഡാരത്തിൽ നിന്നും കഴിക്കുന്നു. ബാബയോട് സർവ്വതും സത്യമായി പറയണം.

**ഓം ശാന്തി**. ഭക്തീമാർഗ്ഗത്തിന്റെ സത്സംഗങ്ങളിൽ നിന്നും ഈ ജ്ഞാനമാർഗ്ഗത്തിന്റെ സത്സംഗം വിചിത്രമാണ്. നിങ്ങൾക്ക് ഭക്തിയുടെ അനുഭവമുണ്ട്. അനേകം സന്യാസിമാർ ഭക്തിയുടെ ശാസ്ത്രങ്ങളും മറ്റും കേൾപ്പിക്കുന്നു. ഇവിടെ അതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ഇവിടെ നിങ്ങൾ ആരുടെ മുന്നിലാണിരിക്കുന്നത്? ഡബിൾ അച്ഛന്റേയും അമ്മയുടേയും മുന്നിൽ. മറ്റു സ്ഥലങ്ങളിൽ അങ്ങനെ ഇല്ല. ഇവിടെ പരിധിയില്ലാത്ത അച്ഛനുമുണ്ട് അമ്മയുമുണ്ട് ചെറിയ അമ്മയുമുണ്ട്. ഇത്രയും സംബന്ധങ്ങളുണ്ട്. അവിടെ അങ്ങനെ യാതൊരു സംബന്ധവും ഇല്ല. സന്യാസിമാരെ അനുയായികളെന്നു പറയില്ല. അവർ നിവൃത്തിമാർഗ്ഗത്തിലുള്ളവരാണ്. അവരുടെ ധർമ്മം തന്നെ വേറെയാണ്. നിങ്ങളുടെ ധർമ്മം വേറെയാണ്. രാത്രിയും പകലും പോലുള്ള വ്യത്യാസമുണ്ട്. ഇതും നിങ്ങൾക്കറിയാം – ലൗകീക അച്ഛനിൽ നിന്നും അല്പകാല ക്ഷണഭംഗുരമായ സുഖം ഒരു ജന്മത്തേയ്ക്ക് ലഭിക്കുന്നു. പുതിയ അച്ഛനും പുതിയ കാര്യവും. ഇവിടെ ലൗകീകവുമുണ്ട് പാരലൗകീകവുമുണ്ട് അലൗകീകവുമുണ്ട്. ലൗകീകത്തിൽ നിന്നും സമ്പത്ത് ലഭിക്കുന്നു പാരലൗകീകത്തിൽ നിന്നും സമ്പത്ത് ലഭിക്കുന്നു. ഈ അലൗകീക അച്ഛൻ അത്ഭുതമാണ്, ബ്രഹ്മാവിൽ നിന്നും സമ്പത്ത് ലഭിക്കുന്നില്ല. ബ്രഹ്മാവിലൂടെ ശിവബാബ സമ്പത്ത് നല്കുന്നു അതുകൊണ്ട് പാരലൗകീക അച്ഛനെ വളരെയധികം ഓർമ്മിക്കുന്നു. ലൗകീക അച്ഛനേയും ഓർമ്മിക്കുന്നു. ഈ അലൗകീക ബ്രഹ്മാബാബയെ ആരും ഓർമ്മിക്കുന്നില്ല. നിങ്ങൾക്കറിയാം ഇത് പ്രജാപിതാവാണ്, ബ്രഹ്മാബാബ ഒരാളുടെ അച്ഛനല്ല. പ്രജാപിതാവ് ഗ്രേറ്റ് ഗ്രേറ്റ് ഗ്രാന്റ് ഫാദറാണ്. ശിവബാബയെ ഗ്രേറ്റ് ഗ്രേറ്റ് ഗ്രാന്റ് ഫാദർ എന്ന് വിളിക്കില്ല. ലൗകീക സംബന്ധത്തിൽ ലൗകീക അച്ഛനും ഗ്രാന്റ് ഫാദറും(മുത്തച്ഛൻ) ഉണ്ട്. ബ്രഹ്മാബാബ ഗ്രേറ്റ് ഗ്രേറ്റ് ഗ്രാന്റ് ഫാദറാണ്. ഇങ്ങനെ ലൗകീക അച്ഛനെയോ പാരലൗകീക അച്ഛനെയോ വിളിക്കില്ല. ഈ ഗ്രേറ്റ് ഗ്രേറ്റ് ഗ്രാന്റ് ഫാദറിൽ നിന്നും സമ്പത്ത് ലഭിക്കുന്നില്ല. ഈ കാര്യങ്ങളെല്ലാം ബാബയിരുന്ന് മനസ്സിലാക്കിത്തരുന്നു. ഭക്തീമാർഗ്ഗത്തിലെ കാര്യങ്ങൾ തന്നെ വ്യത്യസ്തമായതാണ്. ഡ്രാമയിൽ ആ പാർട്ടുമുണ്ട് അത് പിന്നെ നടന്നുകൊണ്ടിരിക്കും. നിങ്ങൾ എങ്ങനെയാണ് 84 ജന്മം എടുത്തത് എന്നുള്ളത് ബാബ പറഞ്ഞ് തരുന്നു, 84 ലക്ഷം അല്ല. ബാബ വന്ന് ഇപ്പോൾ മുഴുവൻ ലോകത്തേയും നമ്മളേയും ധാർമ്മികരാക്കി മാറ്റുന്നു. ഈ സമയം ആരും ധർമ്മാത്മാവല്ല. പുണ്യാത്മാക്കളുടെ ലോകം തന്നെ മറ്റൊന്നാണ്. പാപാത്മാക്കൾ വസിക്കുന്നിടത്ത് പുണ്യാത്മാക്കളുണ്ടായിരിക്കില്ല. ഇവിടെ പാപാത്മാക്കൾ പാപാത്മാക്കൾക്ക് തന്നെയാണ് ദാന– പുണ്യങ്ങൾ ചെയ്യുന്നത്. പുണ്യാത്മാക്കളുടെ ലോകത്തിൽ ദാന പുണ്യങ്ങൾ ചെയ്യേണ്ട ആവശ്യം തന്നെ ഇല്ല. നമ്മൾ സംഗമയുഗത്തിൽ 21 ജന്മത്തേയ്ക്കുള്ള സമ്പത്ത് എടുത്തു എന്നുള്ള ജ്ഞാനം സത്യയുഗത്തിൽ ഉണ്ടായിരിക്കില്ല. ഈ ജ്ഞാനം ഇവിടെ പരിധിയില്ലാത്ത അച്ഛനിൽ നിന്നും നിങ്ങൾക്ക് തന്നെയാണ് ലഭിക്കുന്നത്, അതിലൂടെ 21 ജന്മങ്ങളിലേയ്ക്ക് സദാ സുഖവും ആരോഗ്യവും ധനവും സർവ്വതും ലഭിക്കുന്നു. അവിടെ നിങ്ങൾക്ക് വളരെയധികം ആയുസ്സുണ്ടായിരിക്കും. പേര് തന്നെ അമരപുരി എന്നാണ്. ശങ്കരൻ പാർവതിയ്ക്ക് കഥ കേൾപ്പിച്ച് കൊടുത്തു എന്ന് പറയുന്നുണ്ട്. സൂക്ഷ്മവതനത്തിൽ ഈ കാര്യങ്ങൾ ഒന്നും ഉണ്ടായിരിക്കില്ല. അതും ഒരാൾക്ക് മാത്രമായിട്ട് അമരകഥ കേൾപ്പിക്കില്ല. ഇത് ഭക്തീമാർഗ്ഗത്തിന്റെ കാര്യങ്ങളാണ്, ഇതുവരെ എല്ലാവരും ഭക്തിയിലായിരുന്നു. ഈശ്വരൻ സർവ്വവ്യാപിയാണ് എന്ന് പറയുന്നതാണ് ഏറ്റവും വലിയ അന്ധവിശ്വാസം. ബാബയുടെ പേരു തന്നെ മോശമാക്കി. നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കുന്ന പരിധിയില്ലാത്ത ബാബയെക്കുറിച്ച് പറയുന്നത് സർവ്വവ്യാപിയാണ്, കല്ലിലും മുള്ളിലുമുണ്ട്, ഓരോ കണത്തിലുമുണ്ട് എന്നൊക്കെയാണ്. അവനവനെക്കാളും വളരെയധികം നിന്ദിച്ചു. ഞാൻ നിങ്ങൾക്ക് എത്ര നല്ല രീതിയിലാണ് നിഷ്കാമ സേവനം ചെയ്യുന്നത്.

ആദ്യ നമ്പർ ആകണമെന്നുള്ള യാതൊരു ലോഭവും എനിയ്ക്കില്ല. മറ്റുള്ളവരെ ആക്കുവാൻ വേണ്ടിയാണിരിക്കുന്നത്. ഇതിനെയാണ് നിഷ്കാമ സേവനം എന്ന് പറയുന്നത്.

നിങ്ങൾ കുട്ടികളോട് നമസ്തേ പറയുന്നു. ബാബ നിരാകാരനും നിരഹങ്കാരിയുമാണ്, യാതൊരു അഹങ്കാരവും ഇല്ല. അതേ വസ്ത്രങ്ങൾ തന്നെയാണ്. ഒന്നും മാറിയിട്ടില്ല. ലോകത്തിൽ അവർ അവരുടെ വസ്ത്രങ്ങളെല്ലാം മാറ്റുന്നുണ്ട്. ബ്രഹ്മാബാബയുടേത് അതേ സാധാരണ വസ്ത്രം തന്നെയാണ്. ഓഫീസർമാരുടെ വസ്ത്രവും മാറ്റുന്നു, എന്നാൽ ബ്രഹ്മാബാബയുടേത് അതേ സാധാരണ വേഷം തന്നെയാണ്. യാതൊരു വ്യത്യാസവും ഇല്ല. ഞാൻ സാധാരണ ശരീരമാണെടുക്കുന്നത് എന്ന് ബാബയും പറയുന്നു. അതും ആരുടേതാണ്? സ്വയം തന്റെ ജന്മങ്ങളെത്തന്നെ അറിയുന്നില്ല, നമ്മൾ എത്ര പുനർജന്മം എടുക്കുന്നു എന്ന്. അവർ 84 ലക്ഷം എന്ന് പറയുന്നു. കേട്ടതും കേൾവിപ്പെട്ടതുമായ കാര്യങ്ങളാണ്. ഇതിലൂടെ യാതൊരു പ്രാപ്തിയും ഇല്ല. ഭയപ്പെടുത്തുന്ന – ഇങ്ങനെയുള്ള കർമ്മം ചെയ്താൽ കഴുതയും പട്ടിയുമൊക്കെ ആകുമെന്ന്. എന്നാൽ പശുവിന്റെ വാലു പിടിച്ചാൽ തരണം ചെയ്യാമെന്നും പറയുന്നു, ഇപ്പോൾ ഈ പശു എവിടുന്നാണ് വന്നത്? സ്വർഗ്ഗത്തിലെ പശുക്കൾ തന്നെ വ്യത്യസ്തമാണ്. അവിടുത്തെ പശുക്കൾ വളരെ ഫസ്റ്റ് ക്ലാസ്സായിരിക്കും. നിങ്ങൾ 100 ശതമാനം സമ്പൂർണ്ണമായിരിക്കുന്നത് പോലെ പശുക്കളും അങ്ങനെ ഫസ്റ്റ് ക്ലാസ്സായിരിക്കും. കൃഷ്ണൻ പശുക്കളെയൊന്നും മേയ്ക്കുന്നില്ല. കൃഷ്ണന് അതിന്റെ ആവശ്യമെന്താണ്. ഇത് അവിടത്തെ സൗന്ദര്യം കാണിക്കുകയാണ്. ബാക്കി കൃഷ്ണൻ പശുക്കളെ മേയ്ക്കുകയൊന്നും ചെയ്യുന്നില്ല. കൃഷ്ണൻ പശുക്കളെ മേയ്ക്കുന്നതായി കാണിച്ചിരിക്കുന്നു. സർവ്വഗുണ സമ്പന്നനായ സത്യയുഗത്തിന്റെ ആദ്യത്തെ രാജകുമാരനും പശുക്കളെ മേയ്ക്കുന്നവരും തമ്മിൽ എത്ര വ്യത്യാസമുണ്ട്. ഒന്നും മനസ്സിലാക്കുന്നില്ല കാരണം ദേവതാധർമ്മം തന്നെ ഇപ്പോൾ ഇല്ല. ഈ ഒരേയൊരു ധർമ്മമാണ് പ്രായലോപപ്പെട്ട് പോകുന്നത്. ഈ കാര്യങ്ങൾ ശാസ്ത്രങ്ങളിലൊന്നും ഇല്ല. ബാബ പറയുന്നു ഞാൻ നിങ്ങൾ കുട്ടികൾക്ക് നല്കുന്നു – വിശ്വത്തിന്റെ അധികാരിയാക്കുന്നതിനു വേണ്ടി. അധികാരിയായിക്കഴിഞ്ഞാൽ പിന്നെ ജ്ഞാനത്തിന്റെ ആവശ്യം ഇല്ല. അജ്ഞാനികൾക്കാണ് സദാ ജ്ഞാനം കൊടുക്കുന്നത്. ജ്ഞാന സൂര്യൻ പ്രകടമായപ്പോൾ അജ്ഞാനമാകുന്ന അന്ധകാരം നശിച്ചു എന്ന് പാടുന്നു. ഇപ്പോൾ കുട്ടികൾക്കറിയാം ലോകം മുഴുവൻ അന്ധകാരത്തിലാണെന്ന്. എത്ര അനേകം സത്സംഗങ്ങളാണ്. ഇവിടെ ഭക്തീമാർഗ്ഗം അല്ല. ഇത് സദ്ഗതി മാർഗ്ഗമാണ്. ഒരു ബാബ തന്നെയാണ് സദ്ഗതി നൽകുന്നത്. നിങ്ങൾ ഭക്തീമാർഗ്ഗത്തിൽ വിളിച്ചിരുന്നു, അങ്ങ് വരികയാണെങ്കിൽ ഞങ്ങൾ അങ്ങയുടേതായിത്തീരും. അങ്ങല്ലാതെ മറ്റാരും ഇല്ല കാരണം അങ്ങുതന്നെയാണ് ജ്ഞാനത്തിന്റെ സാഗരം, സുഖത്തിന്റെ സാഗരം പവിത്രതയുടെ സാഗരം, സമ്പത്തിന്റെ സാഗരം. സമ്പത്തും നല്കുന്നില്ലേ. എത്ര സമൃദ്ധമാക്കിയാണ് മാറ്റുന്നത്. നിങ്ങൾക്കറിയാം നമ്മൾ ശിവബാബയിൽ നിന്നും 21 ജന്മങ്ങളിലേയ്ക്ക് വേണ്ടി സഞ്ചി നിറയ്ക്കുവാനായി വന്നിരിക്കുകയാണ് അർത്ഥം നരനിൽ നിന്നും നാരായണനായി മാറുന്നു. ഭക്തീമാർഗ്ഗത്തിലെ കഥകൾ ധാരാളം കേട്ടു, അപ്പോഴും പടി താഴേയ്ക്കിറങ്ങുക തന്നെയായിരുന്നു. ആർക്കും കയറുന്ന കലയില്ല. കല്പത്തിന്റെ ആയുസ്സും എത്രമാത്രം വലുതും ദൈർഘ്യമുള്ളതുമാക്കിക്കളഞ്ഞു. ഡ്രാമയുടെ കാലാവധി ലക്ഷക്കണക്കിന് വർഷമാണെന്ന് പറയുന്നു. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി കല്പം 5000 വർഷം തന്നെയാണെന്ന്. ഏറ്റവും കൂടുതൽ 84 ജന്മവും കുറഞ്ഞത് ഒരു ജന്മവും. ആത്മാക്കൾ അവസാനവും വന്നുകൊണ്ടിരിക്കുന്നു. നിരാകാരി വൃക്ഷമല്ലേ. നമ്പർ അനുസരിച്ച് പാർട്ട് അഭിനയിക്കുവാൻ വരുന്നു. യഥാർത്ഥത്തിൽ നമ്മൾ നിരാകാരി വൃക്ഷത്തിലുള്ളവരാണ്. അവിടെ നിന്നും ഇവിടെക്ക് പാർട്ട് അഭിനയിക്കുവാനാണ് വരുന്നത്. അവിടെ സർവ്വരും പവിത്രമായിരിക്കുന്നു. എന്നാൽ സർവ്വരുടേയും പാർട്ട് വ്യത്യസ്തമാണ്. ഇത് ബുദ്ധിയിൽ വയ്ക്കൂ. വൃക്ഷവും ബുദ്ധിയിൽ വയ്ക്കൂ. സത്യയുഗം മുതൽ കലിയുഗത്തിന്റെ അന്ത്യം വരെയുള്ളത് ബാബ തന്നെയാണ് പറഞ്ഞ് തരുന്നത്. ഇത് ഒരു മനുഷ്യനുമല്ല പറയുന്നത്, ദാദയല്ല പറയുന്നത്. ഒരേയൊരു സദ്ഗുരു തന്നെയാണ് സർവ്വർക്കും സദ്ഗതി നല്കുന്നത്. ബാക്കി സർവ്വരും ഭക്തീമാർഗ്ഗത്തിലെ ഗുരുക്കന്മാരാണ്. എത്ര കർമ്മകാണ്ഡങ്ങളാണ്. ഭക്തീമാർഗ്ഗത്തിന്റെ പ്രദർശനം എത്രയാണ്. ഇത് മൃഗതൃഷ്ണ സമാനമാണ്. ഇതിൽ ഇത്രയും കുടുങ്ങിപ്പോയിരിക്കുകയാണ്, ആരെങ്കിലും രക്ഷപ്പെടുത്തുവാൻ പോയാലും അവരും സ്വയം കുടുങ്ങിപ്പോകുന്നു. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. പുതിയ കാര്യമൊന്നുമല്ല. എന്തെല്ലാമാണോ ഓരോ സെക്കന്റിലും കടന്ന് പോകുന്നത്, മുഴുവൻ ഡ്രാമയും ഉണ്ടാക്കപ്പെട്ടതാണ്. ഇപ്പോൾ നമ്മൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും രാജയോഗം പഠിച്ച് നരനിൽ നിന്നും നാരായണനും, വിശ്വത്തിന്റെ അധികാരിയും ആവുകയാണെന്ന് നിങ്ങൾ അറിയുന്നുണ്ട്. നിങ്ങൾ കുട്ടികൾക്ക് ഈ ലഹരിയുണ്ടായിരിക്കണം. പരിധിയില്ലാത്ത അച്ഛൻ ഓരോ 5000 വർഷത്തിനു ശേഷവും ഭാരതത്തിൽ തന്നെയാണ് വരുന്നത്. ബാബ ശാന്തിയുടേയും സുഖത്തിന്റേയും സാഗരമാണ്. ഈ മഹിമ പാരലൗകീക അച്ഛന്റേത് തന്നെയാണ്. ഈ മഹിമ തികച്ചും സത്യമാണ് എന്നത് നിങ്ങൾക്കറിയാം. സർവ്വതും

ഒരാളിൽ നിന്നുമാണ് ലഭിക്കുന്നത്. ബാബ തന്നെയാണ് ദുഃഖത്തെ ഇല്ലാതാക്കി സുഖം നല്കുന്നത്, ആ ബാബയുടെ മുന്നിലാണ് നിങ്ങളിരിക്കുന്നത്.
നിങ്ങൾ നിങ്ങളുടെ സെന്ററിലിരിക്കുമ്പോൾ എവിടെക്കാണ് യോഗം വയ്ക്കുക. ശിവബാബ മധുബനിലാണ് എന്നത് ബുദ്ധിയിൽ വരും. ബാബയെത്തന്നെയാണ് ഓർമ്മിക്കുന്നത്. ശിവബാബ സ്വയം പറയുന്നു ഞാൻ സാധാരണ വൃദ്ധ ശരീരത്തിലാണ് പ്രവേശിച്ചിരിക്കുന്നത്, വീണ്ടും ഭാരതത്തെ സ്വർഗ്ഗമാക്കുന്നതിനു വേണ്ടി. ഞാൻ ഡ്രാമയുടെ ബന്ധനത്തിൽ ബന്ധിക്കപ്പെട്ടിരിക്കുകയാണ്. നിങ്ങൾ എത്രയാണ് എന്നെ നിന്ദിക്കുന്നത്. ഞാൻ നിങ്ങളെ പൂജ്യനീയരാക്കുന്നു. നാളത്തെ കാര്യമാണ്. നിങ്ങൾ എത്ര പൂജ ചെയ്തിരുന്നു. നിങ്ങൾക്ക് നിങ്ങളുടെ രാജ്യഭാഗ്യം നല്കിയിരുന്നു. സർവ്വതും നഷ്ടപ്പെടുത്തി. ഇപ്പോൾ വീണ്ടും നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കുന്നു. ഒരിക്കലും ആരുടേയും ബുദ്ധിയിൽ ഇത് ഇരിക്കുന്നില്ല. ഇത് ദൈവീക ഗുണങ്ങളുള്ള ദേവതകളാണ്. ഇവരും മനുഷ്യർ തന്നെയാണ് എന്നാൽ 80-100 അടി പൊക്കമുള്ളവരൊന്നും അല്ല. അവർക്ക് വളരെയധികം ആയുസ്സുള്ളത് കാരണം അവർ മേല്ക്കൂരവരെ പൊക്കമുണ്ടാകും എന്നല്ല. കലിയുഗത്തിൽ നിങ്ങളുടെ ആയുസ്സ് കുറഞ്ഞ് പോകുന്നു. ബാബ വന്ന് നിങ്ങളുടെ ആയുസ്സ് വർദ്ധിപ്പിക്കുന്നു അതുകൊണ്ട് ബാബ പറയുന്നു ഹെൽത്ത് മിനിസ്റ്റർക്കും (ആരോഗ്യ വകുപ്പ് മന്ത്രി) മനസ്സിലാക്കിക്കൊടുക്കൂ. ഞങ്ങൾ താങ്കൾക്ക് ഒരിക്കലും രോഗം വരാതിരിക്കുവാനുള്ള യുക്തി പറഞ്ഞ് തരാം എന്ന് പറയൂ. ഭഗവാൻ പറയുന്നു- സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി എന്നെ മാത്രം ഓർമ്മിക്കൂ അപ്പോൾ നിങ്ങൾ പതീതത്തിൽ നിന്നും പാവനവും സദാ ആരോഗ്യമുള്ളവരുമായി മാറും. നമ്മൾ ഉറപ്പ് നല്കുന്നു. യോഗികൾ പവിത്രമായത് കാരണം ആയുസ്സും വളരെ കൂടുതലായിരിക്കും. ഇപ്പോൾ നിങ്ങൾ രാജയോഗികളും രാജഋഷികളുമാണ്. ആ സന്യാസിമാർക്ക് രാജയോഗം പഠിപ്പിക്കുവാൻ സാധിക്കില്ല. അവർ പറയുന്നത് ഗംഗ പതീത പാവനിയാണ്, അവിടെ ദാനം ചെയ്യൂ എന്നൊക്കെയാണ്. ഗംഗയ്ക്ക് എങ്ങനെ ദാനം ചെയ്യും. മനുഷ്യർ ഗംഗയിൽ പൈസയിടുന്നു. പണ്ഡിതന്മാർ അത് കൊണ്ട് പോകുന്നു. ഇപ്പോൾ നിങ്ങൾ ബാബയിലൂടെ പാവനമായിക്കൊണ്ടിരിക്കുന്നു. ബാബയ്ക്ക് എന്താണ് കൊടുക്കുന്നത്? ഒന്നുമില്ല, ബാബ ദാതാവാണ്. നിങ്ങൾ ഭക്തീമാർഗ്ഗത്തിൽ ഈശ്വരാർത്ഥം പാവപ്പെട്ടവർക്ക് ദാനം നല്കിയിരുന്നു. അർത്ഥം പതീതർക്കാണ് നല്കിയിരുന്നത്. നിങ്ങളും പതീതം വാങ്ങിക്കുന്നവരും പതീതം. ഇപ്പോൾ നിങ്ങൾ പാവനമാവുകയാണ്. അവിടെ പതീതർ പതീതർക്ക് ദാനം കൊടുക്കുന്നു. പവിത്രമായ കുമാരിമാർക്കും ദാനം നല്കുന്നു, തല കുനിക്കുന്നു അവരെ കഴിപ്പിക്കുന്നു ദക്ഷിണയും നല്കുന്നു. വിവാഹത്തിന് ശേഷം മോശമായിത്തീരുന്നു. ഡ്രാമയിൽ അടങ്ങിയിട്ടുണ്ട് വീണ്ടും അങ്ങനെ തന്നെ ആവർത്തിക്കപ്പെടും. ഭക്തീമാർഗ്ഗത്തിന്റെ പാർട്ടുമുണ്ട്. സത്യയുഗത്തിലെ കാര്യങ്ങളും ബാബ പറഞ്ഞ് തരുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിവ് ലഭിച്ചിരിക്കുന്നു. ആദ്യം അറിവില്ലാത്തവരായിരുന്നു. ശാസ്ത്രങ്ങളിൽ ഭക്തീമാർഗ്ഗത്തിന്റെ കാര്യങ്ങളാണുള്ളത്, അതിലൂടെ എന്നെ ആർക്കും ലഭിക്കുന്നില്ല. ഞാൻ എപ്പോൾ വരുന്നുവോ അപ്പോൾത്തന്നെയാണ് വന്ന് സർവ്വർക്കും സദ്ഗതി നല്കുന്നത്. ഞാൻ ഒരേയൊരു പ്രാവശ്യം വന്ന് പഴയതിനെ പുതിയതാക്കുന്നു. ഞാൻ പാവപ്പെട്ടവരുടെ നാഥനാണ്. പാവപ്പെട്ടവരെ സമ്പന്നനാക്കുന്നു. പാവങ്ങൾ പെട്ടെന്ന് ബാബയുടേതായി മാറുന്നു. പറയുന്നു - ബാബാ ഞങ്ങൾ അങ്ങയുടേതാണ് ഇത് സർവ്വതും അങ്ങയുടേതാണ്. ബാബ പറയുന്നു ട്രസ്റ്റിയായിരിക്കൂ. ഇത് നമ്മുടേതല്ല ബാബയുടേതാണ് എന്ന് ബുദ്ധികൊണ്ട് മനസ്സിലാക്കണം. ഇതിന് വളരെ ബുദ്ധിശാലികളായ കുട്ടികൾ വേണം. പിന്നീട് നിങ്ങൾ വീട്ടിൽ ഭക്ഷണം ഉണ്ടാക്കിക്കഴിക്കുകയാണെങ്കിലും യജ്ഞത്തിൽ നിന്നും കഴിക്കുന്നത് പോലെയാണ് കാരണം നിങ്ങളും യജ്ഞത്തിന്റേതാണ്. സർവ്വതും യജ്ഞത്തിന്റേതായി. വീട്ടിലും ട്രസ്റ്റിയായിരിക്കുകയാണെങ്കിൽ ശിവബാബയുടെ ഭണ്ഡാരിയിൽ നിന്നുമാണ് കഴിക്കുന്നത്. എന്നാൽ പൂർണ്ണമായും നിശ്ചയം വേണം. നിശ്ചയത്തിൽ പ്രശ്നങ്ങൾ ഉണ്ടാവുകയാണെങ്കിൽ........ഹരിശ്ചന്ദ്രന്റെ ഉദാഹരണമുണ്ടല്ലോ. ബാബയോട് സർവ്വതും പറയണം. ഞാൻ പാവപ്പെട്ടവരുടെ നാഥനാണ്.

**ഗീതം** : ഒടുവിൽ ആ ദിനം ഇന്ന് വന്നുചേർന്നു.........

അരകല്പം ഭക്തിയിൽ ഓർമ്മിച്ചു ഇപ്പോൾ അവസാനം ലഭിച്ചു. ഇപ്പോൾ ജ്ഞാനത്തിന്റെ ജയാരവം ഉണ്ടാകണം, തീർച്ചയായും സത്യയുഗം വരണം. അതിനിടയ്ക്കാണ് സംഗമം, അപ്പോഴാണ് നിങ്ങൾ ഉത്തമ പുരുഷനാകുന്നത്. നിങ്ങൾ പവിത്ര പ്രവൃത്തി മാർഗ്ഗത്തിലുള്ളവരായിരുന്നു. 84 ജന്മത്തിന് ശേഷം അപവിത്രമാകുന്നു, വീണ്ടും പവിത്രമാകണം. കല്പത്തിനു മുൻപും നിങ്ങൾ അങ്ങനെ ആയിത്തീർന്നിരുന്നു. കല്പത്തിനു മുൻപ് ആര് എത്ര പുരുഷാർത്ഥം ചെയ്തുവോ അവർ അതുപോലെചെയ്യും. തന്റെ സമ്പത്ത് എടുക്കും. ബാബ സാക്ഷിയായി കാണുന്നു. ബാബ പറയുന്നു നിങ്ങൾ സന്ദേശികളാണ് മറ്റൊരു സന്ദേശിയോ വഴികാട്ടിയോ ഇല്ല. സദ്ഗതി നല്കുന്ന സദ്ഗുരു ഒരാൾ തന്നെയാണ്. മറ്റു ധർമ്മാത്മാക്കൾ വരുന്നത്

ധർമ്മം സ്ഥാപിക്കുവാൻ വേണ്ടിയാണ്. അപ്പോൾ അവർ എങ്ങനെ ഗുരുവാകും. ഞാൻ സർവ്വർക്കും സദ്ഗതി നല്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ശാന്തിയുടേയും സുഖത്തിന്റേയും സമ്പത്തിന്റേയും സാഗരമായ ബാബയെ നമ്മുക്ക് ലഭിച്ചിരിക്കുകയാണ്, നമ്മുക്ക് സർവ്വതും ഒരാളിൽ നിന്നുമാണ് ലഭിക്കുന്നത്, സദാ ഈ ലഹരിയിലിരിക്കണം. ഇങ്ങനെയുള്ള ബാബയുടെ സന്മുഖത്താണിരിക്കുന്നത്. ബാബ നമ്മളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു.

2) തന്റെ അഹങ്കാരം ഉപേക്ഷിച്ച് ബാബയ്ക്ക് സമാനം നിഷ്കാമ സേവനം ചെയ്യണം. നിരഹങ്കാരിയായിരിക്കണം. സന്ദേശിയും വഴികാട്ടിയുമായി സർവ്വർക്കും വഴി പറഞ്ഞ് കൊടുക്കണം.

## വരദാനം:- സർവ്വ പദാർത്ഥങ്ങളുടേയും ആസക്തിയിൽ നിന്ന് വേറിട്ട് അനാസക്തവും, പ്രകൃതി ജീത്തുമായി ഭവിക്കൂ

അഥവാ ഏതെങ്കിലും പദാർത്ഥം കർമ്മേന്ദ്രിയത്തെ വിചലിതമാക്കുന്നു അർത്ഥം ആസക്തിയുടെ ഭാവം ഉത്പന്നമാകുന്നുണ്ടെങ്കിൽ വേറിടാൻ സാധിക്കില്ല. ഇച്ഛകൾ തന്നെയാണ് ആസക്തിയുടെ രൂപമായിട്ടുള്ള ത്. പലരും പറയാറുണ്ട് ഇച്ഛയൊന്നുമില്ല എന്നാൽ നല്ലതായി തോന്നുന്നു. ഇതും സൂക്ഷ്മ ആസക്തി യാണ് - ഇതിനെ സൂക്ഷമ രൂപത്തിൽ പരിശോധിക്കൂ അതായത് ഈ പദാർത്ഥം അർത്ഥം അൽപകാല സുഖം നൽകുന്ന സാധനം ആകർഷിക്കുന്നില്ലല്ലോ? ഈ പദാർത്ഥം പ്രകൃതിയുടെ സാധനമാണ്, എപ്പോൾ ഇതിൽ നിന്ന് അനാസക്തം അർത്ഥം വേറിടുന്നോ അപ്പോൾ പ്രകൃതിജീത്താകും.

## സ്ലോഗൻ:- എന്റെ-എന്റേ തിന്റെ പ്രശ്നങ്ങളെ ഉപേക്ഷിച്ച് പരിധിയില്ലാത്തതിൽ കഴിയൂ അപ്പോൾ പറയും വിശ്വ മംഗളകാരി.